എനർജി മാനേജ്മെന്റ്
സെന്റർ ന്യൂസ്‌ലെറ്റർ

# ഊർജ്ജപത്രിക

Oorja Pathrika | A Newsletter from Energy Management Centre- Kerala

വാല്യം- 4, ലക്കം 03 | 2023 മാർച്ച് 05

## ഹൈഡ്രജൻ വാലി ശിൽപ്പശാല

**കേ**രളത്തിൽ ഹൈഡ്രജൻ വാലി സ്ഥാപിക്കുന്നതിനുള്ള പ്രപ്പോസലുകൾ രൂപീകരിക്കുന്നത് സംബന്ധിച്ചുള്ള ശിൽപശാല 2023 ഫെബ്രുവരി 15 ന് തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ വച്ച് സംഘടിപ്പിച്ചു. പരിപാടി വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി ഓൺലൈനായി ഉദ്ഘാടനം ചെയ്തു. ഹരിതോർജ്ജം സംബന്ധിച്ച് കേരളം നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച് മന്ത്രി ഉദ്ഘാടന പ്രസംഗത്തിൽ സംസാരിച്ചു.



ഉദ്ഘാടന യോഗത്തിൽ ഐ.ഐ.റ്റി പാലക്കാട് ഡയറക്ടർ പ്രൊഫ. എ. ശേഷാദ്രി ശേഖർ, ഊർജ്ജ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. കെ. ആർ. ജ്യോതിലാൽ, ഡിപ്പാർട്ട്മെന്റ് ഓഫ് സയൻസ് ആന്റ് ടെക്നോളജി എനർജി മിഷൻ വിഭാഗം ഡയറക്ടർ ഡോ. രഞ്ജിത്ത് കൃഷ്ണ പൈ, സി–ഡാക്ക് സീനിയർ ഡയറക്ടർ ശ്രീ. എബി ജോസഫ്, ഗ്രൊണിൻജൻ യൂണിവേഴ്സിറ്റി പ്രൊഫസർ അരവിന്ദ് എന്നിവർ ആമുഖ യോഗത്തിൽ സംസാരിച്ചു. ഓൺലൈനായും ഓഫ്‌ലൈനായും സംഘടിപ്പിച്ച പരിപാടിയിൽ ഹൈഡ്രജൻ ഉത്പാദനം, സംഭരണം, വിതരണം, ഉപയോഗം എന്നിവ സംബന്ധിച്ച അവതരണങ്ങളും പാനൽ ചർച്ചയും നടന്നു.

## ഇൻവസ്റ്റ്മെന്റ് ബസാർ സംഘടിപ്പിച്ചു

**ഊർജ്ജ** സംരക്ഷണ പ്രവർത്തനങ്ങൾക്കായുള്ള സാമ്പത്തിക പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കളിൽ എത്തിക്കുവാൻ ഇൻവെസ്റ്റ്മെന്റ് ബസാർ സംഘടിപ്പിച്ചു. 2023 ഫെബ്രുവരി മാസം 14 ന് തിരുവനന്തപുരത്ത് ഹോട്ടൽ അപ്പൊളോ ഡിമോറയിൽ വച്ച് സംഘടിപ്പിച്ച പരിപാടി വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷണൻകുട്ടി ഓൺലൈനായി ഉദ്ഘാടനം ചെയ്തു.

പരിപാടിയിൽ വിവിധ ബാങ്കുകളുടേയും ധനകാര്യ സ്ഥാപനങ്ങളുടേയും സാമ്പത്തിക പദ്ധതികൾ സംബന്ധിച്ച അവതരണങ്ങൾ ഉണ്ടായി. എനർജി മാനേജ്മെന്റ് സെന്റർ മേൽനോട്ടം വഹിക്കുന്ന കേരള സർക്കാരിന്റെ സാമ്പത്തിക സഹായ പദ്ധതിയായ കേരള സംസ്ഥാന ഊർജ്ജസംരക്ഷണ നിധി സംബന്ധിച്ച അവതരണവും ഉണ്ടായി.

വ്യവസായ മേഖലകളിൽ നിന്നുള്ളവരും ഉപഭോക്താക്കളും തങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളെക്കുറിച്ചും അതിനാവശ്യമായ മൂലധനം സംബന്ധിച്ചും അവതരണം നടത്തി.

വ്യവസായങ്ങളിൽ നിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമായി 100 ൽ അധികം പേർ പങ്കെടുത്തു. ഉദ്ഘാടനചടങ്ങിൽ ഇ.എം.സി ഡയറക്ടർ ഡോ. ആർ. ഹരികുമാർ, വ്യവസായ വകുപ്പ് അണ്ടർ സെക്രട്ടറി ശ്രീ. രാജീവ് രവി, ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേമ്പർ ഓഫ് കൊമേഴ്സ് കേരള ചെയർപേഴ്സൻ ഡോ. എം. ഐ. സഹദുള്ള, കാനറ ബാങ്ക് ഡിവിഷണൽ മാനേജർ ശ്രീ. സുനിൽ പി. എൽ., ഇ.എം.സി ഊർജ്ജ കാര്യക്ഷമതാ വിഭാഗം തലവൻ ശ്രീ. ജോൺസൺ ഡാനിയൽ എന്നിവർ സന്നിഹിതരായി.






# കാര്യക്ഷമമായ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ രൂപകല്പന; ശിൽപ്പശാല



**നി**ലവിലെ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പ്രവർത്തനവും കാര്യക്ഷമതയും കൂട്ടുന്നതിന്റെയും പുതിയ പദ്ധതികൾ വിഭാവനം ചെയ്യുന്നതിന്റെയും ഭാഗമായി എനർജി മാനേജ്മെന്റ് സെന്റർ ഐ ഐ ടി റൂർക്കിയുമായി ചേർന്ന് ഐ ഐ ടി റൂർക്കിയിൽ "കാര്യക്ഷമമായ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ രൂപകല്പന" എന്ന വിഷയത്തിലുള്ള ദ്വൈവാര പരിശീലനം സംഘടിപ്പിച്ചു.

കെ.എസ്.ഇ.ബി.എല്ലിലെ തിരഞ്ഞെടുത്ത ഉദ്യോഗസ്ഥർ, ഇ.എം.സി.യിലെ ഉദ്യോഗസ്ഥർ, സ്വകാര്യ മേഖലയിലെ എൻജിനീയർമാർ എന്നിവർക്കാണ് ഇതിന്റെ ഭാഗമായി പരിശീലനം ലഭിച്ചത്. ഐ.ഐ.ടി. റൂർക്കിയിൽ വച്ചാണ് പരിശീലന പരിപാടി സംഘടിപ്പിച്ചത്. പരിപാടിയുടെ ഭാഗമായി വിവിധ ചെറുകിട ജലവൈദ്യുത നിലയങ്ങളിൽ സന്ദർശനവും ഉണ്ടായിരുന്നു.

2022 ഡിസംബറിൽ ജലവൈദ്യുത വിദഗ്ധൻ ഡോ. അരുൺ കുമാറുമായി വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടിയുടെ നേതൃത്വത്തിൽ നടത്തിയ ചർച്ചയിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് പരിശീലന പരിപാടി ഇ.എം.സി. സംഘടിപ്പിച്ചത്.

ആദ്യ ഘട്ട പരിശീലന പരിപാടിയുടെ ഭാഗമായി ഐ.ഐ.ടി. റൂർക്കിയിൽ വിദഗ്ദ്ധർ നയിക്കുന്ന 8 ദിവസത്തെ ക്ലാസ്സും പരിശീലനവും അതെ തുടർന്ന് പ്രായോഗിക ഉദാഹരണങ്ങൾ പരിചയപ്പെടുന്നതിനായി ഉത്തരാഖണ്ഡ്, ഹിമാചൽ, ഉത്തർ പ്രദേശ്, ഹരിയാന, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളിലെ പ്രധാന ചെറുകിട ജലവൈദ്യുത പദ്ധതികളുടെ സന്ദർശനവും നടന്നു. പരിശീലനത്തിൽ 22 എഞ്ചിനീയർമാർ പങ്കെടുത്തു.

# റീടെയിലർമാർക്കുള്ള പരിശീലനം

**എ**നർജി മാനേജ്മെന്റ് സെന്ററിന്റെ നേതൃത്വത്തിൽ വൈദ്യുത ഉപകരണങ്ങളുടെ റീടെയിലർ മാർക്കുള്ള പരിശിലനം പാലക്കാട്, മലപ്പുറം ജില്ലകളിൽ 2023 ഫെബ്രുവരി 23, 24 തീയതികളിൽ സംഘടിപ്പിച്ചു.

ഊർജ്ജകാര്യക്ഷമമായതും സ്റ്റാർ റേറ്റിംഗുള്ളതുമായ ഉപകരണങ്ങൾ സംബന്ധിച്ച ബോധവൽക്കരണവും പരിശീലനപരിപാടിയുമാണ് സംഘടിപ്പിച്ചത്. ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേമ്പേഴ്സ് ഓഫ് കോമേഴ്സ് ആന്റ് ഇൻഡസ്ട്രിയുമായി ചേർന്നാണ് പരിപാടി സംഘടിപ്പിച്ചത്.

2023 ഫെബ്രുവരി 23 ന് മലപ്പുറത്ത് വച്ചുനടന്ന പരിപാടി മലപ്പുറം എം.എൽ.എ ശ്രീ. പി. ഉബൈദുള്ളയുടെ അധ്യക്ഷതയിൽ മലപ്പുറം എം.പി. ശ്രീ. അബ്ദുൽ സമദ് സമദാനി ഉദ്ഘാടനം ചെയ്തു.

2023 ഫെബ്രുവരി 24 ന് പാലക്കാട് വച്ചുനടന്ന പരിപാടി പാലക്കാട് മുനിസിപ്പൽ ചെയർപേഴ്സൺ ശ്രീമതി. പ്രിയ അജയൻ ഉദ്ഘാടനം ചെയ്തു.




മലപ്പുറത്ത് വച്ചുനടന്ന റീടെയിലർ മാർക്കുള്ള പരിശിലനം മലപ്പുറം എം.പി. ശ്രീ. അബ്ദുൽ സമദ് സമദാനി ഉദ്ഘാടനം ചെയ്യുന്നു




2023 ഫെബ്രുവരി 24 ന് പാലക്കാട് വച്ചുനടന്ന റീടെയിലർ മാർക്കുള്ള പരിശിലനം പാലക്കാട് മുനിസിപ്പൽ ചെയർപേഴ്സൺ ശ്രീമതി. പ്രിയ അജയൻ ഉദ്ഘാടനം ചെയ്യുന്നു

# ഇ.സി.ബി.സി പരിശീലന പരിപാടി

**കേ**രള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിലെ ആർക്കിടെക്ട്ടാർക്കും എഞ്ചിനീയർമാർക്കുമായി എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു. വാണിജ്യ, ഗാർഹിക കെട്ടിടങ്ങളിലെ ഊർജ്ജ കാര്യക്ഷമതയെ അടിസ്ഥാനമാക്കിയുള്ള പരിശീലനം 2023 ഫെബ്രുവരി 28 മുതൽ മാർച്ച 3 വരെയാണ് സംഘടിപ്പിക്കുന്നത്.

ഹൗസിംഗ് ബോർഡ് സെക്രട്ടറി ശ്രീ. വിനയ് ഗോയൽ ഐ.എ.എസ്. ഉദ്ഘാടനം ചെയ്ത പരിപാടിയിൽ ഇ.എം.സി. ഡയറക്ടർ ഡോ. ആർ. ഹരികുമാർ, ഊർജ്ജ കാര്യക്ഷമതാവിഭാഗം തലവൻ ശ്രീ. ജോൺസൺ ഡാനിയൽ എന്നിവരുടെ സാനിധ്യം ഉണ്ടായി.





# ഊർജ്ജകാര്യക്ഷമമായ പമ്പ്സെറ്റുകൾ സ്ഥാപിച്ചു

കുട്ടനാട്ടിൽ കൃഷിക്കും വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനുമായി വെള്ളം പമ്പുചെയ്ത് കളയുന്ന പരമ്പരാഗത സംവിധാനമായ പെട്ടിയും പറയും പകരം ഊർജ്ജ കാര്യക്ഷമമായ ടർബയിൻ പമ്പുകൾ സ്ഥാപിച്ചു. ആലപ്പുഴജില്ലയിൽ വെട്ടിക്കരി, കനകാശേരി, കക്കാക്കായൽ എന്നീ പാടശേഖര സമിതികളുടെ പെട്ടിയും പറയുമാണ് മാറ്റി സ്ഥാപിച്ചത്.

മിനിട്ടിൽ 900 മുതൽ 1400 ലിറ്റർ വരെ വെള്ളം പമ്പ് ചെയ്യാൻ ശേഷിയുള്ള പമ്പ്സെറ്റുകളാണ് സ്ഥാപിച്ചത്. ഇത്തരം പമ്പുകൾക്ക് ഊർജ്ജകാര്യക്ഷമത വളരെ കൂടുതൽ ആയതിനാൽ പെട്ടിയു പറയുമായി താരതമ്യം ചെയ്യുമ്പോൾ 35 ശതമാനത്തിലധികം ഊർജ്ജ ലാഭം ഉണ്ടാകും.

കക്കാക്കായൽ പാടശേഖരത്ത് സ്ഥാപിച്ച പമ്പിന്റെ സ്വിച്ച് ഓൺ കർമം ആലപ്പുഴ നിയോജകമണ്ഡലം എം.എൽ.എ ശ്രീ. പി. പി. ചിത്തരഞ്ജൻ നിർവഹിച്ചു. ഇത്തരത്തിലുള്ള ഊർജ്ജകാര്യക്ഷമമായ പദ്ധതികൾ നാടിനാവശ്യമാണെന്നും കർഷകരുടെ ആവശ്യങ്ങൾ നിയമസഭയിൽ എത്തിക്കുമെന്നും എം.എൽ.എ ചടങ്ങിൽ പങ്കെടുത്തു കൊണ്ട് പറഞ്ഞു.



കക്കാക്കായൽ പാടശേഖരത്ത് സ്ഥാപിച്ച പമ്പിന്റെ സ്വിച്ച് ഓൺ കർമ്മം ആലപ്പുഴ നിയോജകമണ്ഡലം എം.എൽ.എ ശ്രീ. പി പി ചിത്തരഞ്ജൻ നിർവഹിക്കുന്നു





# ഹൈഡ്രജൻ സാങ്കേതികവിദ്യ താൽപര്യപത്രം ക്ഷണിച്ചു




ഹൈഡ്രജൻ ഇന്ധന സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിയുള്ള വ്യത്യസ്ത മാതൃകാ പദ്ധതികൾക്കായി താൽപര്യപത്രം ക്ഷണിച്ചു.

ഹൈഡ്രജൻ ഉത്പാദന യൂണിറ്റ്, സംഭരണ വിതരണ സാങ്കേതിക വിദ്യ, ഫ്യുവൽ സെൽ എന്നിവയ്ക്കാണ് താൽപര്യ പത്രം ക്ഷണിച്ചത്. എനർജി മാനേജ്മെന്റ് സെന്ററിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ കൂടുതൽ വിവരങ്ങൾ ലഭ്യമാണ്. താൽപര്യ പത്രം സമർപ്പിക്കാനുള്ള അവസാന തീയതി 2023 മാർച്ച് 31.

Design & Layout: Prajeesh A.



Published by **Dr. R. Harikumar**, Director, EMC

Editorial board

Dr. R. Harikumar (Chief Editor)
Er. Dinesh Kumar A. N. (Editor)
Er. Ijas M. A. (Member)
Er. Tomson Sebastian (Member)
Ms. Kumari Sheela (Circulation)

**Energy Management Centre – Kerala**
Department of Power, Government of Kerala
Sreekrishna Nagar, Sreekariyam. P.O
Thiruvananthapuram – 695017
Tel: 0471-2495922, 24, Fax 0471-2494923
www.keralaenergy.gov.in
Toll Free No. 1800 425 5256